**KERALA ELECTRICITY EMPLOYEES' CONFEDERATION**
**INTUC**
KEEC
(Reg. No. 01-14/87- Aff. 10485)
V.P.MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM-695 001
Phone: 0471-2471087- Fax: 0471-2471087
email: keecintuchq@gmail.com, Web: www.intuckeec.com

| PRESIDENT | GENERAL SECRETARY | TREASURER |
|---|---|---|
| K.P. DHANAPALAN Ex.M.P. | SIBYKUTTY FRANCIS | V. GOPAKUMAR |


No. KEEC/GL/2017

തിരുവനന്തപുരം
01-08-2017

സ്വീകർത്താവ്

ഡയറക്ടർ (HRM)
KSEB Ltd
വൈദ്യുതിഭവൻ
തിരുവനന്തപുരം

സർ,

വിഷയം : - ജനറൽ ട്രാൻസ്ഫർ 2017- Posting Strength വെട്ടിക്കുറച്ചത് പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച്.

ജനറൽ ട്രാൻസ്ഫർ 2017 ഓൺലൈനിൽ ചെയ്യുന്നത് സ്വാഗതാർഹം തന്നെ. എന്നാൽ ഇതിന്റെ പേരിൽ തസ്തികകൾ ഇല്ലാതാക്കുന്നത് അംഗീകരിക്കാൻ സാധിക്കില്ല. അംഗീകൃത സംഘടനകളുമായി ചർച്ച നടത്തി Posting Strength പബ്ലിഷ് ചെയ്തിരുന്നു. പബ്ലിഷ് ചെയ്തിരുന്ന ലിസ്റ്റിലും Sanction Strength നേക്കാൾ പല തസ്തികകളിലും Posting Strength കുറവായിട്ടാണ് കാണിച്ചിരുന്നത്.

HRI's ൽ ഇന്നലെ പബ്ലിഷ് ചെയ്തത് പ്രകാരം സബ് എഞ്ചിനീയർ തസ്തികയിൽ Posting Strength വീണ്ടും കുറച്ചതായി കാണുന്നു. മോഡൽ സെക്ഷൻ ഉത്തരവനുസരിച്ച് 3 വിംഗുകളിലായി ഒരു സെക്ഷനിൽ 3 സബ് എഞ്ചിനീയർ വേണമെന്നിരിക്കെ പുതിയ Posting Strength പ്രകാരം പല സെക്ഷനുകളിലും അപേക്ഷിക്കാവുന്ന ഒഴിവുകൾ 2 ആക്കിയിരിക്കുന്നു. ട്രാൻസ്മിഷൻ, കൺസ്ട്രക്ഷൻ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ തുടങ്ങിയ ഓഫീസുകളിലും തസ്തികകൾ വെട്ടിക്കുറച്ച നടപടി അംഗീകരിക്കാൻ സാധിക്കില്ല. Sanctioned 3450 ആയിരിക്കെയാണ് Posting Strength 3231 ആയി കുറച്ച് HRI's ലൂടെ പബ്ലിഷ് ചെയ്തിരിക്കുന്നത്. കഴിഞ്ഞ വർഷം അനുവദിച്ചിട്ടുള്ള 33 സെക്ഷനുകളിലെ ഒഴിവുകൾ വേയെുമുണ്ട്.

സബ് എഞ്ചിനീയർ തസ്തികയിൽ Posting Strength വെട്ടിക്കുറച്ചതുപോലെ മറ്റ് തസ്തികകളിലും വെട്ടിക്കുറയ്ക്കൽ നടത്താനുദ്ദേശിക്കുന്നുവെന്ന് മനസ്സിലാക്കുന്നു. അംഗീകൃത സംഘടനയെന്ന നിലയ്ക്ക് ഇത് അംഗീകരിക്കാൻ സാധിക്കില്ല. ഈ സ്ഥാപനത്തിൽ തൊഴിലാളികളും മാനേജ്മെന്റുമായി നിലനിൽക്കുന്ന സമാധാന അന്തരീക്ഷം തകർക്കുന്ന നടപടികളിലേക്ക് നീങ്ങരുതെന്നും യഥാർത്ഥ Sanctioned Strength അനുസരിച്ചുള്ള Posting Strength പബ്ലിഷ് ചെയ്യണമെന്നും അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

ജനറൽ സെക്രട്ടറി